**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5448** **15-03-2023 - ൽ മറുപടിയ്ക്ക്**

**ബഡ്സ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ കുട്ടികളുടെ മിനിമം എണ്ണം എത്രയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | 25.03.2013-ലെ സ.ഉ (കൈ) നം.28/2013/സ.നീ.വ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് സ്ഥാപനങ്ങളിൽ കുറഞ്ഞത് 20 കുട്ടികളെങ്കിലും ഉണ്ടായിരിക്കണം. |
| (ബി) | 18 വയസ്സിൽ താഴെയുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം 20ൽ കുറഞ്ഞാൽ സ്കൂളുകളുടെ രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ കുട്ടികളുടെ മിനിമം എണ്ണം കുറച്ചുകൊണ്ട് ഇത്തരം സ്കൂളുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സാമൂഹ്യനീതി വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം 20-ൽ കുറഞ്ഞാൽ സ്കൂളുകൾക്ക് രജിസ്ട്രേഷൻ നിലവിൽ നൽകി വരുന്നില്ല. രജിസ്ട്രേഷൻ ലഭിച്ച് പ്രവർത്തിച്ചിരുന്ന പല ബഡ്സ് സ്ഥാപനങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുള്ളതിനാൽ രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല. ആയതിനാൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയം കുട്ടികളുടെ എണ്ണം 20-ൽ കുറവു വന്നാൽപോലും ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന്; രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്ന വിഷയം, സാമൂഹ്യ നീതി വകുപ്പ് മുഖേന പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ